"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - തൃശ്ശൂർ വാഴാനി ഫോറസ്റ്റ് റെയിഞ്ച് ഓഫീസിലെ ഉദ്യോഗസ്ഥർക്കെതിരായ വിജിലൻസ് കേസ് (വി.സി. 2/21/ടി.എസ്.ആർ) - ശ്രീ.പി.ടി.ഇഗ്നേഷ്യസ്, ഫോറസ്റ്റർ, ശ്രീ.മഹേഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവരെ സസ്പെന്റ് ചെയ്തു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.185/2021/വനം തീയതി,തിരുവനന്തപുരം, 24/06/2021

പരാമർശം:- 1 വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.02.2021-ലെ സി 4 (വി.സി. 02/21/റ്റി.എസ്.ആർ) 3152/21 നമ്പർ കത്ത്.

2 വിജിലൻസ് (ഇ) വകുപ്പിന്റെ 24.03.2021-ലെ വിജി- ഇ4/37/2021-വിജി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ താലൂക്കിലെ പുത്തൂർ വില്ലേജിൽ തോപ്പിൽ രാമകൃഷ്ണന്റെ മകൻ അനൂപ് എന്നയാൾ മണലിത്തറ എന്ന സ്ഥലത്ത് ശ്രീ.കൃഷ്ണൻകുട്ടി എന്നയാളുടെ സ്ഥലത്തു നിന്നും ജിയോളജി പാസ് പ്രകാരം മണ്ണ് മാറ്റുന്ന സമയം വാഴാനി ഫോറസ്റ്റ് സ്റ്റേഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ മഹേഷ കുമാർ എന്നയാൾ തനിക്കും സെക്ഷൻ ഫോറെസ്റ്റ് ഓഫീസറായ ഇഗ്നേഷ്യസിനുമായി മണ്ണ് നീക്കുന്നതിന് 10,000/- (പതിനായിരം രൂപ) ആവശ്യപ്പെട്ടു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ പ്രീവെരിഫിക്കേഷൻ നടത്തുകയും ഇതിന്റെ ഭാഗമായി 6000 രൂപ വിജിലൻസ് ട്രാപ്പിൽ പിടിച്ചെടുക്കുകയും, ടി ഉദ്യോഗസ്ഥർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരവും ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരവും ഒരു വിജിലൻസ് കേസ് (ട്രാപ് കേസ്) (VC 2/21/TSR) രജിസ്റ്റർ ചെയ്യുകയുമുണ്ടായി. മേൽ സാഹചര്യത്തിൽ കുറ്റക്കാരായി കണ്ടെത്തിയ ഉദ്യോഗസ്ഥരെ ഉടനടി പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യണമെന്ന് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ ആരോപണങ്ങൾ ഗൗരവമേറിയതും പ്രഥമദൃഷ്ട്യാ കഴമ്പുള്ളതുമാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ, ശ്രീ.പി.ടി.ഇഗ്നേഷ്യസ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ശ്രീ.മഹേഷ്.കെ.ജി., ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവരെ 1960ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 10(1) (എ) പ്രകാരം അച്ചടക്ക നടപടിയ്ക്ക് വിധേയമായി ഉടനടി പ്രാബല്യത്തിൽ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ഉദ്യോഗസ്ഥർക്ക് നിയമ പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K Sureshkumar
അഡിഷണൽ സെക്രട്ടറി

പകർപ്പ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ . പി . ടി . ഇഗ്നേഷ്യസ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

ശ്രീ . മഹേഷ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ

ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ,തിരുവനന്തപുരം

വിജിലൻസ് (ഇ) വകുപ്പ്) (വി.ജി.-ഇ4/37/2021-വി.ജി. തീയതി 24.03.2021)

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ